

വസ്തുതകൾ:

# വൈകല്യമുള്ളവർക്കുള്ള രജിസ്ട്രേഷൻ വിവരങ്ങൾ

Malayalam - മലയാളം

വികലാംഗ പിന്തുണാ തൊഴിലാളികളുടെ സ്വമേധയായുള്ള രജിസ്ട്രേഷൻ 2021 ജൂലൈ 1 മുതൽ ആരംഭിക്കും. വികലാംഗ പിന്തുണയുടെ തിരഞ്ഞെടുപ്പും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനാണ് രജിസ്ട്രേഷൻ ലക്ഷ്യമിടുന്നത്. വൈകല്യമുള്ള ആളുകളെ ദുരുപയോഗം ചെയ്യുന്നതിനെക്കുറിച്ചുള്ള വിക്ടോറിയൻ സർക്കാരിന്റെ "സീറോ ടോളറൻസ്" സമീപനത്തിന്റെ ഭാഗമാണിത്.

## എന്തുകൊണ്ട് ഞാൻ ഒരു രജിസ്റ്റർ ചെയ്ത വികലാംഗ പിന്തുണാ തൊഴിലാളിയെ തിരഞ്ഞെടുക്കണം?

വൈകല്യ സേവനങ്ങൾ ഉപയോഗിക്കുന്ന ആളുകൾക്ക് വികലാംഗ പിന്തുണാ തൊഴിലാളികളുടെ കഴിവുകളും വൈദഗ്ധ്യവും ഉറപ്പുനൽകുന്നത് ബുദ്ധിമുട്ടാണ്. എല്ലാ വികലാംഗ പിന്തുണാ തൊഴിലാളികളെയും സുരക്ഷയ്ക്കും കഴിവിനും ഒരേ രീതിയിൽ അല്ല വിലയിരുത്തുന്നത്. സുരക്ഷിതവും ഉയർന്ന നിലവാരമുള്ളതുമായ സേവനങ്ങൾ മികച്ച രീതിയിൽ ഉപയോഗിക്കാൻ രജിസ്ട്രേഷൻ നിങ്ങളെ സഹായിക്കും.

എങ്ങനെയാണ് അവർ ധനസഹായം അല്ലെങ്കിൽ ജോലി ചെയ്യുന്നതെന്നത് പ്രശ്നമല്ല. രജിസ്റ്റർ ചെയ്ത വിക്ടോറിയൻ വികലാംഗ പിന്തുണാ തൊഴിലാളികൾ സുരക്ഷിതവും പ്രഗത്ഭരും പ്രൊഫഷണലുമാണെന്ന് വിക്ടോറിയയിലെ ഡിസെബിലിറ്റി വർക്കർ രജിസ്ട്രേഷൻ ബോർഡ് റെഗുലേറ്റർ സ്വതന്ത്രമായി വിലയിരുത്തുന്നു.

2021 ഒക്ടോബർ 1 മുതൽ, വികലാംഗ പിന്തുണാ തൊഴിലാളികളുടെ രജിസ്റ്റർ www.vdwc.vic.gov.au ൽ നിന്ന്, ഒരു തൊഴിലാളി രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നറിയാൻ നിങ്ങൾക്ക് വേഗത്തിലും എളുപ്പത്തിലും പരിശോധിക്കാൻ കഴിയും

## തൊഴിലാളികൾ എന്താണ് രജിസ്റ്റർ ചെയ്യേണ്ടത്?

*ഡിസെബിലിറ്റി സർവീസ് സേഫ്ഗാർഡ്സ് ആക്റ്റ് 2018* (ആക്റ്റ്) അനുസരിച്ച് വികലാംഗ പിന്തുണാ തൊഴിലാളിയായി രജിസ്റ്റർ ചെയ്യുന്നതിന് സുരക്ഷിതമായ പരിശീലനത്തിന് ആവശ്യമായ അറിവും കഴിവുകളും ആട്രിബ്യൂട്ടുകളും തങ്ങൾക്ക് ഉണ്ടെന്ന് കാണിക്കാൻ രജിസ്ട്രേഷൻ അപേക്ഷകരോട് ഡിസബിലിറ്റി വർക്കർ രജിസ്ട്രേഷൻ ബോർഡ് ഓഫ് വിക്ടോറിയ (ബോർഡ്) ആവശ്യപ്പെടുന്നു.

രജിസ്ട്രേഷനു തൊഴിലാളികളുടെ അനുയോജ്യത വിലയിരുത്താൻ ബോർഡ് പരിഗണിക്കുന്നത്:

- സുരക്ഷിതമായി പരിശീലിക്കാനുള്ള ഒരു വ്യക്തിയുടെ ശേഷിയെ ദോഷകരമായി ബാധിക്കുന്ന ഏതെങ്കിലും തകരാറ്
- പ്രസക്തമായ ക്രിമിനൽ ചരിത്രം
- ഇംഗ്ലീഷ് ഭാഷയിലുള്ള മികവ്
- ഒരു വികലാംഗ പിന്തുണാ തൊഴിലാളിയോ ആരോഗ്യ പ്രവർത്തകനോ ആയി രജിസ്ട്രേഷൻ റദ്ദാക്കുകയോ താൽക്കാലികമായി നിർത്തുകയോ ചെയ്യുകക
- ആരോഗ്യം അല്ലെങ്കിൽ വൈകല്യ സേവനങ്ങൾ അല്ലെങ്കിൽ കുട്ടികളുടെ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട നിരോധനാ ഉത്തരവുകൾ
- രജിസ്റ്റർ ചെയ്യേണ്ട വ്യക്തി അനുയോജ്യനും ഉചിതനുമാണോ?

## എനിക്ക് ഒരു രജിസ്റ്റർ ചെയ്ത വികലാംഗ പിന്തുണാ തൊഴിലാളിയെ തിരഞ്ഞെടുക്കാൻ കഴിയുമോ?

രജിസ്റ്റർ ചെയ്ത തൊഴിലാളികളെ വൈകല്യ സേവനങ്ങൾ നൽകുന്നതിന് നിങ്ങൾക്ക് തിരഞ്ഞെടുക്കാം.

സുരക്ഷിതമായ പരിശീലനത്തിന് ആവശ്യമായ അറിവും കഴിവുകളും ആട്രിബ്യൂട്ടുകളും ഉണ്ടെന്ന് അറിഞ്ഞുകൊണ്ട് നിങ്ങൾക്ക് ശരിയായ വികലാംഗ പിന്തുണാ തൊഴിലാളിയെ തിരഞ്ഞെടുക്കാമെന്നാണ് ഇതിനർത്ഥം.

## എനിക്ക് ഒരു എൻഡിഐഎസ് പ്ലാൻ ഉണ്ടെങ്കിൽ രജിസ്റ്റർ ചെയ്ത വികലാംഗ പിന്തുണാ തൊഴിലാളിയെ തിരഞ്ഞെടുക്കാനാകുമോ?

അതെ, രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് എൻഡിഐഎസ് സേവന ദാതാക്കളടക്കം എല്ലാത്തരം ഓർഗനൈസേഷനുകളിലും പ്രവർത്തിക്കാൻ കഴിയും, അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്യുന്നവരാകാം.

വിക്ടോറിയൻ വികലാംഗ പിന്തുണാ തൊഴിലാളികളെ സുരക്ഷിതവും പ്രഗത്ഭരും പ്രൊഫഷണലുമാണെന്ന് വിലയിരുത്തുന്നത് രജിസ്ട്രേഷൻ ഉറപ്പാക്കുന്നു, നിങ്ങളുടെ വികലാംഗ പിന്തുണാ തൊഴിലാളി ഏത് സേവന ദാതാവിനായി ജോലിചെയ്യുന്നു, അവർ എവിടെ സേവനങ്ങൾ പരസ്യപ്പെടുത്തുന്നു അല്ലെങ്കിൽ അവരുടെ സേവനങ്ങൾക്ക് എങ്ങനെ ധനസഹായം നൽകുന്നു എന്നത് ഇവിടെ പ്രശ്നമല്ല.

നിങ്ങളുടെ എൻഡിഐഎസ് പദ്ധതിയിലൂടെ രജിസ്റ്റർ ചെയ്ത വികലാംഗ പിന്തുണാ തൊഴിലാളിയെ തിരഞ്ഞെടുക്കാമെന്നാണ് ഇതിനർത്ഥം.

## എനിക്ക് രജിസ്റ്റർ ചെയ്യാത്ത വികലാംഗ പിന്തുണാ തൊഴിലാളിയെ തിരഞ്ഞെടുക്കാനാകുമോ?

രജിസ്റ്റർ ചെയ്യാത്ത ഒരു തൊഴിലാളിയെ തിരഞ്ഞെടുക്കാൻ നിങ്ങൾക്ക് തീരുമാനിക്കാം. വിക്ടോറിയയിലെ രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികൾ ഒരു പെരുമാറ്റച്ചട്ടം പാലിക്കേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യാത്ത വികലാംഗ പിന്തുണാ തൊഴിലാളികളെ വിക്ടോറിയൻ ഡിസെബിലിറ്റി വർക്കർ കമ്മീഷണർ നിയന്ത്രിക്കുന്നു.

വൈകല്യ സേവന സുരക്ഷാ പെരുമാറ്റച്ചട്ടം ഡിസെബിലിറ്റി സർവീസ് സേഫ്ഗാർഡ്സ് 2020 ൽ പ്രതിപാദിച്ചിരിക്കുന്നു, അവ ആക്റ്റിന് കീഴിലുള്ള നിയമങ്ങളാണ്.

എല്ലാ വിക്ടോറിയൻ വികലാംഗ പിന്തുണാ തൊഴിലാളികളും വൈകല്യ സേവന സുരക്ഷാ പെരുമാറ്റച്ചട്ടം പാലിക്കേണ്ടതുണ്ട്, ഇത് വൈകല്യമുള്ളവരെ ദ്രോഹത്തിൽ നിന്നും ദുരുപയോഗത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ഒരു മാനദണ്ഡം നൽകുന്നു.

## വികലാംഗ വർക്കർ രജിസ്റ്റർ

രജിസ്റ്റർ ചെയ്ത എല്ലാ വികലാംഗ പിന്തുണാ തൊഴിലാളികളെയും വിക്ടോറിയൻ പബ്ലിക് രജിസ്റ്ററിൽ പട്ടികപ്പെടുത്തും. വികലാംഗ പിന്തുണാ തൊഴിലാളികൾ ഇവിടെ ലഭ്യമാണ്: www.vdwc.vic.gov.au.

നിങ്ങളുടെ സമീപമുള്ള രജിസ്റ്റർ ചെയ്ത വികലാംഗ പിന്തുണാ തൊഴിലാളികളെ കണ്ടെത്താൻ നിങ്ങൾക്ക് വിക്ടോറിയൻ വികലാംഗ പിന്തുണാ തൊഴിലാളികളുടെ രജിസ്റ്ററിൽ തിരയാൻ കഴിയും.

നിരോധന ഉത്തരവ് ലഭിച്ചിട്ടുള്ള വിക്ടോറിയൻ വികലാംഗ പിന്തുണാ തൊഴിലാളികളുടെ പട്ടികയും വെബ്സൈറ്റിൽ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും.

## വിക്ടോറിയൻ ഡിസെബിലിറ്റി വർക്കർ കമ്മീഷനെക്കുറിച്ച്

വികലാംഗരെ മികച്ച രീതിയിൽ സംരക്ഷിക്കുന്നതിനും കൂടുതൽ ശക്തവും സുരക്ഷിതവുമായ വൈകല്യ മേഖല കെട്ടിപ്പടുക്കുന്നതിനായി സ്ഥാപിതമായ ഒരു സ്വതന്ത്ര സ്ഥാപനമാണ് വിക്ടോറിയൻ ഡിസെബിലിറ്റി വർക്കർ കമ്മീഷൻ.വൈകല്യമുള്ളവരെ പിന്തുണയ്ക്കുന്ന വിക്ടോറിയയിലെ എല്ലാ തൊഴിലാളികൾക്കുടെയും ഏറ്റവും കുറഞ്ഞ പ്രതീക്ഷകൾ സ്ഥാപിക്കുന്നതിനും, പരാതി സേവനങ്ങൾ ഉറപ്പാക്കുന്നതിനും വൈകല്യ സേവന സുരക്ഷാ പെരുമാറ്റച്ചട്ടം ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു. പരാതികളും അറിയിപ്പുകളും സ്വീകരിക്കാനും, ആളുകളുടെ സുരക്ഷയെ അപകടത്തിലാക്കുന്ന തൊഴിലാളികളെക്കുറിച്ച് അന്വേഷിക്കാനും അവരെ നിരോധിക്കാനും ഉള്ള അധികാരം ഇതിന് ഉണ്ട്.

ഞങ്ങളുടെ വെബ്സൈറ്റ് vdwc.vic.gov.au സന്ദർശിക്കുക അല്ലെങ്കിൽ 1800 497 132 എന്ന നമ്പറിൽ വിളിക്കുക.
ഞങ്ങളുടെ വാർത്താക്കുറിപ്പിലേക്ക് രജിസ്റ്റർ ചെയ്യുക.
ഞങ്ങളെ പിന്തുടരുക